പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 2636 — 19.07.2011-ൽ മറുപടിക്ക്.

## കൊണ്ടോട്ടിയിൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേസ്സുകൾ കെട്ടിക്കിടക്കുന്നത് നീതി വൈകുന്നതിനും പല സാമൂഹ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് പുതുതായി കോടതികൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ; | : (എ) & (ബി)<br><br>കെട്ടിക്കിടക്കുന്ന കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ഹൈക്കോടതിയുടെ ശുപാർശ കണക്കിലെടുത്ത്, പുതിയതായി കോടതികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പല വിഭാഗത്തിലുള്ള കോടതികളെ ഉൾപ്പെടുത്തി സർക്കാർ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും ഇതിൽ നിന്നും കോടതി തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നതുമാണ് ഇതു സംബന്ധിച്ചുള്ള നടപടിക്രമം |
| (സി) കൊണ്ടോട്ടിയിൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി വേണമെന്ന ആവശ്യത്തിന്മേൽ സർക്കാർ നൽകിയ ശുപാർശയിൽ ഹൈക്കോടതി രജിസ്ട്രാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | : (സി) കൊണ്ടോട്ടിയിൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി തുടങ്ങുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ